ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 17.08.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. സംസ്ഥാനത്തിന്റെ വികസന ചരിത്രത്തിൽ പുതിയ അധ്യായം കുറിച്ച് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് സമ്പൂർണ കയറ്റുമതി-ഇറക്കുമതി പ്രവർത്തനങ്ങൾക്ക് നാളെ തുടക്കമാവും.

   **A new chapter in Kerala's development history will be written as full-fledged EXIM operations are set to commence tomorrow at the Vizhinjam International Seaport.**

2. ബാങ്കിംഗ് മേഖലയിലെ പരിഷ്കരണത്തിനായി ഉന്നതതല സമിതിയെ കേന്ദ്ര സർക്കാർ ഉടൻ നിയോഗിക്കുമെന്ന് ധനമന്ത്രി നിർമലാ സീതാരാമൻ.

   **Union Finance Minister Nirmala Sitharaman said that the Union Government will soon constitute a high-level committee for reforms in the banking sector.**

3. പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ കർശനമായി പാലിക്കണമെന്ന് നിർദ്ദേശം നല്കി കേന്ദ്ര വിദ്യാഭ്യാസ മന്ത്രി പ്രൾഹാദ് ജോഷി.

Union Education Minister Pralhad Joshi directed that the norms related to the conduct of examinations be strictly followed.

4. എറണാകുളം–ബംഗളൂരു വന്ദേഭാരത് എക്സ്പ്രസ് ഇനി 16 കോച്ചുകളുമായി സർവീസ് നടത്തും. ഔദ്യോഗിക ഫ്ലാഗ് ഓഫ് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി എറണാകുളത്ത് നിർവഹിച്ചു.

The Ernakulam–Bengaluru Vande Bharat Express will now operate with 16 coaches. Union Minister of State Suresh Gopi officially flagged off the service at Ernakulam.

5. ഐശ്വര്യത്തിന്റെയും സമൃദ്ധിയുടെയും പൊന്നോണക്കാലത്തിന് തുടക്കമിട്ട് ഇന്ന് ചിങ്ങം ഒന്ന്. ഓണത്തിരക്കിലേക്ക് കടന്ന് നാടും നഗരവും.

Today marks the beginning of Chingam 1, ushering in the golden season of Onam, associated with prosperity and abundance. The state is gearing up for the festive rush.

6. ശ്രീലങ്കയ്ക്കെതിരായ ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ ഒന്നാം മത്സരത്തിൻറെ മൂന്നാം ദിനത്തിൽ 178 റൺസിന്റെ ലീഡുമായി ഇന്ത്യ.

India secured a 178-run lead on the third day of the first Test in the cricket series against Sri Lanka.

Vice

&&&&&&&&&&&&&&

## VIZHINJAM

സംസ്ഥാനത്തിൻറെ വികസന ചരിത്രത്തിൽ പുതിയ അധ്യായം കുറിക്കാൻ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം ആഗോളതലത്തിലേക്ക് വാതിൽ തുറക്കുന്നു. വിഴിഞ്ഞം തുറമുഖത്ത് നിന്ന് സമ്പൂർണ്ണ കയറ്റുമതി-ഇറക്കുമതി- എക്സിം പ്രവർത്തനങ്ങൾക്ക് നാളെ തുടക്കമാകും. മുഖ്യമന്ത്രി വി.ഡി.സതീശൻ ആദ്യ കയറ്റുമതി കണ്ടെയ്നർ ഫ്ലാഗ് ഓഫ് ചെയ്യും. കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ ചടങ്ങിൽ മുഖ്യാതിഥിയാകും. യൂറോപ്പ് ഉൾപ്പെടെയുള്ള വിദേശ വിപണികളിലേക്ക് വിഴിഞ്ഞത്ത് നിന്ന് നേരിട്ട് ചരക്കുകൾ അയയ്ക്കാൻ സംവിധാനം ഒരുങ്ങുന്നതോടെ, യാത്രാസമയവും ചെലവും വലിയതോതിൽ കുറയും. സംസ്ഥാന സർക്കാരിൻറെ 'മിഷൻ സമുദ്ര' പദ്ധതിയുടെ പ്രഖ്യാപനവും, ലോഗോ പ്രകാശനവും ചടങ്ങിൽ നടക്കും.

**&&&&&&&&&&&&&&**

## SITHARAMAN-BANKING EARLY (INTRO)

'വികസിത ഭാരതം' ലക്ഷ്യമിട്ട് , ബാങ്കിംഗ് മേഖലയിലെ പരിഷ്കരണത്തിനായി ഉന്നതതല സമിതിയെ കേന്ദ്ര സർക്കാർ ഉടൻ നിയോഗിക്കുമെന്ന് കേന്ദ്ര ധനമന്ത്രി നിർമലാ സീതാരാമൻ. പൊതുമേഖലാ ബാങ്ക് കോൺക്ലേവ് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ഇന്ത്യൻ ബാങ്കുകൾ ശക്തമായ അവസ്ഥയിലാണെന്നും, കിട്ടാക്കടങ്ങൾ എക്കാലത്തെയും താഴ്ന്ന നിലയിലെത്തിയതായും ധനമന്ത്രി വ്യക്തമാക്കി.

(ഹോൾഡ് വോയിസ്)---------------

**&&&&&&&&&&&&&&**

## JOSHI- NTA MEETING

ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി, നാഷണൽ ടെസ്റ്റിംഗ് ഏജൻസി ഡയറക്ടർ ജനറൽ, മറ്റ് മുതിർന്ന ഉദ്യോഗസ്ഥർ എന്നിവരുമായി കേന്ദ്ര വിദ്യാഭ്യാസ മന്ത്രി പ്രൽഹാദ് ജോഷി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ കർശനമായി പാലിക്കണമെന്ന് മന്ത്രി യോഗത്തിൽ നിർദ്ദേശിച്ചു. പരീക്ഷ നടപടിക്രമങ്ങളിൽ സമഗ്രമായ മാറ്റങ്ങൾ അടിയന്തരമായി നടപ്പിലാക്കാനും മന്ത്രി നിർദ്ദേശം നൽകി. പരീക്ഷാ സംവിധാനം പരിഷ്കരിക്കുന്നതിനായി NTA സ്വീകരിച്ച നടപടികളെക്കുറിച്ച് ഉദ്യോഗസ്ഥർ മന്ത്രിയെ ധരിപ്പിച്ചു.

&&&&&&&&&&&&&&

## JITENDRA - ANUBHAV (INTRO)

പെൻഷൻ നടപടിക്രമങ്ങൾ കൂടുതൽ ലളിതമാക്കുന്നതിൽ കേന്ദ്ര സർക്കാർ തുടർന്നും ശ്രദ്ധ ചെലുത്തുമെന്ന്

കേന്ദ്രമന്ത്രി ഡോ. ജിതേന്ദ്ര സിംഗ്. ന്യൂഡൽഹിയിൽ ദേശീയ അനുഭവ് അവാർഡുകൾ സമ്മാനിക്കുകയായിരുന്നു അദ്ദേഹം. പെൻഷൻ ഫോമുകളിൽ നിന്ന് അനാവശ്യമായ വ്യവസ്ഥകൾ നീക്കം ചെയ്ത് സങ്കീർണ്ണമായ നടപടിക്രമങ്ങൾ ലളിതവത്കരിച്ചതായും അദ്ദേഹം പറഞ്ഞു. ചടങ്ങിൽ, 'പെൻഷൻ മിത്ര' ഹാൻഡ്ബുക്ക്, 'ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റ് മാർഗ്ഗരേഖ എന്നിവ മന്ത്രി പ്രകാശനം ചെയ്തു.

(ഹോൾഡ്)

&&&&&&&&&&&&&&

## CM MINES MINERAL BILL

ഖനന നിയമ ഭേദഗതി ബില്ലിലെ വ്യവസ്ഥകൾ പുന:പരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് മുഖ്യമന്ത്രി വി.ഡി. സതീശൻ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് കത്തയച്ചു. ബിൽ മുന്നോട്ട് വയ്ക്കുന്ന വിവിധ മാനദണ്ഡങ്ങൾ സംസ്ഥാനങ്ങളുടെ ഭരണഘടനാപരമായ അധികാരത്തെ ബാധിക്കുമെന്ന് കത്തിൽ പറയുന്നു. ധാതു നിക്ഷേപമുള്ള ഭൂമിയുടെ മേൽ സംസ്ഥാനത്തിന്റെ ധനപരമായ അധികാരം പരിമിതപ്പെടുത്താൻ ബിൽ കാരണമാകുമോ എന്ന ആശങ്കയും കത്തിൽ പങ്കുവയ്ക്കുന്നു.

&&&&&&&&&&&&&&

## SHAH-TERROR NETWORK

ഐ.എസ് പിന്തുണയുള്ള 'ഷഹ്സാദ് ഭട്ടി നെറ്റ്‌വർക്ക്' എന്ന ഭീകര സംഘടനയുടെ 200-ലധികം പ്രവർത്തകരെ അറസ്റ്റ് ചെയ്യതായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. ഭീകരതയോട് ഇന്ത്യ പുലർത്തുന്ന വിട്ടുവീഴ്ചയില്ലാത്ത നയത്തിന്റെ ഭാഗമായാണ് സുരക്ഷാ സേനയുടെ നടപടിയെന്നും അദ്ദേഹം സാമൂഹ്യ മാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&

## INDIA - BRICS MEETING

പന്ത്രണ്ടാമത് ബ്രിക്സ് പരിസ്ഥിതി മന്ത്രിമാരുടെ യോഗം നാളെ ന്യൂഡൽഹിയിൽ നടക്കും. കേന്ദ്ര മന്ത്രി ഭൂപേന്ദർ യാദവ് യോഗത്തിൽ അധ്യക്ഷത വഹിക്കും.

&&&&&&&&&&&&&&

## VANDE BHARATH EXPRESS (INTRO)

എറണാകുളം–ബംഗളൂരു വന്ദേഭാരത് എക്സ്പ്രസ് ഇനി 16 കോച്ചുകളുമായി സർവീസ് നടത്തും. സർവീസ് വിപുലീകരണത്തിന്റെ ഔദ്യോഗിക ഫ്ലാഗ് ഓഫ് എറണാകുളത്ത് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി നിർവഹിച്ചു.

വിശദാംശങ്ങളുമായി എറണാകുളത്തുനിന്നും ആകാശവാണി പ്രതിനിധി പി. നഹീമ...

(ഹോൾഡ്)

&&&&&&&&&&&&&&

## ONAM – CM

ഐശ്വര്യത്തിന്റെയും സമൃദ്ധിയുടെയും പൊന്നോണക്കാലത്തിന് തുടക്കമിട്ട് ഇന്ന് ചിങ്ങം ഒന്ന്. പുതുവർഷപ്പിറവിയുടെ നവ്യാനുഭവത്തിനൊപ്പം, കർഷകദിനം കൂടിയായാണ് മലയാളികൾ പൊന്നിൻ ചിങ്ങ മാസത്തിലെ ആദ്യദിനത്തെ വരവേൽക്കുന്നത്. പൂവിളികളുടെ മനോഹര നാളുകൾക്ക് തുടക്കമിട്ട് ഇന്നലെ അത്തം പിറന്നതോടെ ഓണാവേശത്തിലേക്ക് മലയാളികൾ കടന്നു കഴിഞ്ഞു. ഓണത്തിരക്കിലേക്ക് നാടും നഗരവും ഉണർന്നതോടെ ഓണ വിപണികളും സജീവമായിട്ടുണ്ട്.

&&&&&&&&&&&&&&

## BIHAR – ELECTION COMMISSIONER

തിരഞ്ഞെടുപ്പ് പ്രക്രിയ കൂടുതൽ കാര്യക്ഷമമാക്കുന്നതിൻറെ ഭാഗമായി, ബിഹാറിലെ നളന്ദ സർവകലാശാലയിൽ അഞ്ഞൂറോളം ബൂത്ത് ലെവൽ ഓഫീസർമാരുമായി സംവദിച്ച് മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ. പറ്റ്നയിൽ ഇലക്ഷൻ ലിറ്ററസി ക്ലബ്- 2.0 പദ്ധതിക്കും അദ്ദേഹം തുടക്കം കുറിക്കും.

&&&&&&&&&&&&&&

## HP-CLOUDBURST

ഹിമാചൽ പ്രദേശിലെ ഗോത്ര മേഖലയായ ചമ്പയിൽ മേഘ വിസ്ഫോടനം. മലവെള്ളപ്പാച്ചിലിൽ പാലം ഉൾപ്പെടെ ഒലിച്ചുപോയി. ആളപായം റിപ്പോർട്ട് ചെയ്തിട്ടില്ല.

&&&&&&&&&&&&&&

## SC - CAUVERY WATER CONFLICT

തമിഴ്നാടിന് കാവേരിയിലെ ജലം വിട്ടുനൽകുന്നതുമായി ബന്ധപ്പെട്ട് കാവേരി ജല മാനേജ്മെന്റ് അതോറിറ്റി പുറപ്പെടുവിച്ച നിർദേശങ്ങൾ കർണാടക പാലിക്കണമെന്ന് സുപ്രീം കോടതി . തമിഴ്നാട് സർക്കാർ സമർപ്പിച്ച ഹർജി പരിഗണിക്കവെയാണ് സുപ്രീം കോടതിയുടെ ഉത്തരവ്.

&&&&&&&&&&&&&&

## SC - SIKKIM SIR

സിക്കിമിലെ തീവ്ര വോട്ടർപട്ടിക പുതുക്കലിൻറെ അടിസ്ഥാന വർഷം 2002 ആയി നിശ്ചയിച്ച തിരഞ്ഞെടുപ്പ് കമ്മീഷൻ്റെ തീരുമാനത്തിൽ ഇടപെടാൻ വിസമ്മതിച്ച് സുപ്രീം കോടതി. അടിസ്ഥാന വർഷം 2002-ന് പകരം 1993 ആയി നിശ്ചയിക്കാൻ നിർദേശം നൽകണമെന്ന് ആവശ്യപ്പെട്ട് ഒരു സന്നദ്ധ സംഘടന സമർപ്പിച്ച പൊതുതാത്പര്യ ഹർജി കോടതി തള്ളി. ചീഫ് ജസ്റ്റിസ് സൂര്യകാന്ത്, ജസ്റ്റിസ് ജോയ്മാല്യ ബാഗ്ചി, ജസ്റ്റിസ് വി. മോഹന എന്നിവരടങ്ങിയ ബെഞ്ചാണ് ഹർജി തള്ളിയത്.

&&&&&&&&&&&&&&

## BJP -LIST

ബി.ജെ.പി യുടെ പുതിയ ദേശീയ ഭാരവാഹികളുടെ പട്ടിക പാർട്ടി ദേശീയ അധ്യക്ഷൻ നിതിൻ നബിൻ പുറത്തിറക്കി. കേരളത്തിൽ നിന്നും ബി.ജെ.പി നേതാവ് കെ.സുരേന്ദ്രനെ ദേശീയ സെക്രട്ടറിയായി നിയമിച്ചു. അനിൽ ആന്റണി ബിജെപി ദേശീയ സെക്രട്ടറിയായി തുടരും.

&&&&&&&&&&&&&&

## TEST CRICKET-IND VS SL

ശ്രീലങ്കയിൽ നടക്കുന്ന ഇന്ത്യ-ശ്രീലങ്ക ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ ഒന്നാം മത്സരത്തിന്റെ മൂന്നാം ദിനം കളി അവസാനിക്കുമ്പോൾ ഇന്ത്യക്ക് 178 റൺസിന്റെ ലീഡ്. ആതിഥേയരായ ശ്രീലങ്കയുടെ ഒന്നാം ഇന്നിംഗ്സ് 284 റൺസിന് അവസാനിച്ചു. മൂന്നാം ദിനത്തിൽ 9 വിക്കറ്റിന് 460 റൺസ് എന്ന നിലയിൽ ബാറ്റിംഗ് പുനരാരംഭിച്ച ഇന്ത്യ 462 റൺസിനാണ് പുറത്തായത്.

&&&&&&&&&&&&&&

## BWF BADMINTON - EVE MATCHES

ന്യൂഡൽഹിയിൽ നടക്കുന്ന ബി.ഡബ്ല്യു.എഫ് ലോക ബാഡ്മിന്റൺ വനിതാ സിംഗിൾസിൽ ഇന്ത്യയുടെ പി.വി. സിന്ധു രണ്ടാം റൗണ്ടിൽ പ്രവേശിച്ചു. വനിതാ ഡബിൾസിൽ സ്പെയിൻ സഖ്യത്തെ പരാജയപ്പെടുത്തി ഇന്ത്യയുടെ ട്രീസ ജോളി - ഗായത്രി ഗോപിചന്ദ് സഖ്യം രണ്ടാം റൗണ്ടിലേക്ക് മുന്നേറി. പുരുഷ ഡബിൾസിൽ എം.ആർ. അർജുൻ - ഹരിഹരൻ അംശകരുണൻ സഖ്യവും രണ്ടാം റൗണ്ടിൽ കടന്നു.

&&&&&&&&&&&&&&

## WEST ASIA UPDATE

ഹോർമുസ് കടലിടുക്കിലൂടെയുള്ള കപ്പൽ ഗതാഗതം നിയന്ത്രിക്കുന്നതിനുള്ള കരാറിൽ ഒമാനുമായി ധാരണയിലെത്തിയതായി ഇറാൻ വിദേശകാര്യ വക്താവ് ഇസ്മായിൽ ബഗായി . എന്നാൽ വാണിജ്യക്കപ്പലുകൾക്കായി ഹോർമുസ് പൂർണമായും തുറക്കുന്നത് സംബന്ധിച്ച അമേരിക്കയുടെ നിബന്ധനകളെല്ലാം പാലിക്കുന്ന വിധത്തിലാണോ കരാർ എന്ന കാര്യത്തിൽ വ്യക്തത ആയിട്ടില്ല. അമേരിക്ക- ഇറാൻ സമാധാന കരാറിനായുള്ള 60 ദിവസത്തെ ചർച്ചാ കാലാവധി അവസാനിക്കാറായ സാഹചര്യത്തിലാണ് പ്രഖ്യാപനം.

&&&&&&&&&&&&&&

## INDIA POST- QATAR

ഖത്തറിലുള്ള പ്രവാസികൾക്ക് ഇന്ത്യയിലേക്ക് നേരിട്ട് പണം അയക്കുന്നതിനുള്ള യു.പി.ഐ അധിഷ്ഠിത 'പി.ഒ.എസ് ട്രാൻസ്ഫർ' സേവനം ആരംഭിച്ചതായി കേന്ദ്ര വാർത്താവിനിമയ മന്ത്രാലയം. ഖത്തർ പോസ്റ്റ് ഔട്ട്‌ലെറ്റുകൾ വഴി നേരിട്ട് പണം അയക്കാനാണ് സംവിധാനം ഒരുക്കിയിരിക്കുന്നത്.

&&&&&&&&&&&&&&

## NTA – UGC NET RETEST

ചോദ്യപേപ്പറുകളിലുണ്ടായ പിശകുകളിലെ പരാതിയെത്തുടർന്ന് UGC-NET പരീക്ഷയിലെ ഇംഗ്ലീഷ്, കൊമേഴ്സ്, സോഷ്യോളജി എന്നീ വിഷയങ്ങളുടെ പുനഃപരീക്ഷ സെപ്റ്റംബർ 9, 10 തീയതികളിൽ നടക്കുമെന്ന് നാഷണൽ ടെസ്റ്റിംഗ് ഏജൻസി. 9-ാം തീയതി രാവിലെ 9 മുതൽ 12 വരെ ആദ്യ ഷിഫ്റ്റിൽ

ഇംഗ്ലീഷും അതേ ദിവസം ഉച്ചയ്ക്ക് 3 മുതൽ വൈകുന്നേരം 6 വരെ കൊമേഴ്സ് പരീക്ഷയും നടക്കും. സോഷ്യോളജി പരീക്ഷ സെപ്റ്റംബർ 10-ന് രാവിലെ 9 മുതൽ 12 വരെ ആദ്യ ഷിഫ്റ്റിൽ നടക്കും.

&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&